LIBRARY ARCHIVES Kerala Legislative Assembly

സർവ്വശിക്ഷാ അഭിയാൻ പദ്ധതിപ്രകാരം സ്കൂളുകളിലെ കെട്ടിട നിർമ്മാണത്തിന് തുക അനുവദിക്കുവാൻ നടപടി

339 [2397] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വശിക്ഷാ അഭിയാൻ പദ്ധതിപ്രകാരം സ്കൂളുകളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി സംസ്ഥാനത്തിന് എത്ര തുക ഓരോ വർഷവും ലഭിക്കുകയുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുപ്രകാരം ഓരോ ജില്ലയ്ക്കും ഓരോ വർഷവും അനുവദിക്കപ്പെട്ടിട്ടുള്ള തുകയെത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ തുകയിൽ നിന്നും സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിന് തുക അനുവദിക്കാൻ കഴിയുമോ;

(ഡി) ഇല്ലെങ്കിൽ സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിന് കൂടി പദ്ധതി തുക വിനിയോഗിക്കുവാൻ അനുമതി നൽകണമെന്ന കേന്ദ്ര മനുഷ്യവിഭവശേഷി മന്ത്രാലയത്തോട് അഭ്യർത്ഥിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)

2002-2003	..	1000.54	ലക്ഷം
2003-2004	..	2000.79	,,
2004-2005	..	3671.85	,,

(ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) കഴിയും.

(ഡി) ബാധകമല്ല.

എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ

340 [2398] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ജില്ലയിൽ എത്ര വിദ്യാലയങ്ങളിൽ ഈ ഫണ്ട് ഉപയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിന് ജില്ലയിൽ സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഇക്കാര്യത്തിൽ പ്രതിനിധികളുടെ അഭിപ്രായങ്ങൾ സ്വീകരിക്കുകയോ പരിഗണിക്കുകയോ ചെയ്യുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(എഫ്) താന്ന്യം ഗവൺമെന്റ് സ്കൂളിൽ പ്രൈമറി വിദ്യാർത്ഥികൾക്ക് ക്ലാസ്സ് മുറികൾ പണിയുന്നതിന് ഈ ഫണ്ട് ലഭ്യമാക്കാമോ?

ഉത്തരം

(എ) എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) 2003-2004 വർഷത്തിൽ ഈ ജില്ലയിൽ എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തിയതിന്റെ കണക്ക് താഴെ ചേർക്കുന്നു:

	സ്കൂളുകളുടെ എണ്ണം	*തുക ഇതുവരെ ചെലവായത്*
പുതിയ ക്ലാസ്സ് മുറി ..	49	50,40,000
ചുറ്റുമതിൽ ..	18	7,20,000
കുടിവെള്ളം ..	16	2,40,000
വൈദ്യുതീകരണം ..	19	1,90,000
ഇടഭിത്തി ..	19	1,90,000
കക്കൂസ്/മൂത്രപ്പുര ..	43	8,60,000

ക്ലാസ്സ് മുറികളുടെ പണി പൂർത്തീകരണഘട്ടത്തിൽ എത്തിക്കഴിഞ്ഞു. മറ്റ് പണികളെല്ലാം ഇതിനകം പൂർത്തിയായിക്കഴിഞ്ഞു.

(സി) വിദ്യാലയങ്ങളിൽ നിന്ന് ആസൂത്രണം ചെയ്തു നൽകിയ പദ്ധതികൾ പഞ്ചായത്ത് തലത്തിലും ബ്ലോക്ക് തലത്തിലും ജില്ലാ തലത്തിലും ക്രോഡീകരിച്ച് (ഗവൺമെന്റ് പ്രോജക്റ്റ് വ്യവസ്ഥകൾക്കനുസരിച്ച്) മുൻഗണനാക്രമത്തിൽ നടപ്പിലാക്കുന്നു.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

(എഫ്) പരിഗണിക്കാവുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly